## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1929** — **11.02.2020-ൽ മറുപടിക്ക്**

**സിവിൽ പോലീസ് ഓഫീസർ റാങ്ക് ലിസ്റ്റിന്റെ കാലാവധി ദീർഘിപ്പിക്കുന്നതിന് നടപടി**

**ചോദ്യം** — **ഉത്തരം**

ശ്രീ. കെ.എൻ.എ ഖാദർ — **പിണറായി വിജയൻ**
**മുഖ്യമന്ത്രി**

| | | | |
|---|---|---|---|
| (എ) | കാറ്റഗറി നമ്പർ 657/2017 പ്രകാരമുള്ള സിവിൽ പോലീസ് ഓഫീസർ റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനനടപടികൾ നാല്വ മാസത്തോളം വൈകിയതിനാൽ പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി നാല്വ മാസത്തേയ്ക്ക് കൂടി നീട്ടി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (എ) | റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിക്കുന്ന വിഷയം പരിഗണനയിലില്ല. |
| (ബി) | ഈ സർക്കാരിന്റെ കാലത്ത് കാലാവധി നീട്ടി നൽകിയ റാങ്ക് പട്ടികകൾ ഏതൊക്കെയെന്ന് വെളിപ്പെടുത്തുമോ? | (ബി) | 30.06.2016 ന് നിലവിലുള്ളതും 30.06.2016 മുതൽ 30.12.2016 വരെയുള്ള കാലയളവിൽ അവസാനിക്കുന്നതുമായ റാങ്ക് പട്ടികകളുടെ കാലാവധി നിബന്ധനകൾക്ക് വിധേയമായി 31.12.2016 വരെയും 31.12.2016 മുതൽ 30.06.2017 വരെയുള്ള കാലയളവിൽ അവസാനിക്കുന്നതുമായ റാങ്ക് പട്ടികകളുടെ കാലാവധി 30.06.2017 വരെയും നിബന്ധനകൾക്ക് വിധേയമായി ദീർഘിപ്പിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ